**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3585** **05-08-2021 - ൽ മറുപടിയ്ക്ക്**

**കുന്നത്തറ ടെക്സ്റ്റൈൽസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കുന്നത്തറ ടെക്സ്റ്റൈൽസിന്റെ വിലകൂടിയ ഭൂമിയും മറ്റ് കെട്ടിടങ്ങളും കോടതി ലിക്വിഡേറ്റ് ചെയ്യതിനാൽ നാമമാത്രമായ വിലയിൽ ആയത് വിൽക്കപ്പെടാൻ സാധ്യതയുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | നിലവിൽ കുന്നത്തറ ടെക്സ്റ്റൈൽസിന്റെ കടബാധ്യത എത്രയാണെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഇനം തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ഒഫിഷ്യൽ ലിക്വിഡേറ്റർ ഹൈക്കോടതിയിൽ സമർപ്പിച്ച സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ടസ് പ്രകാരം സ്ഥാപനത്തിന്റെ നിലവിലെ ബാധ്യത ചുവടെ ചേർക്കുന്നു. Workment Creditors – 7,10,81,891.50 രൂപ Workment(Badalies)- 96,381 രൂപ Preferential Creditors – 17,23,324 രൂപ Unsecured Creditors -3,77,02,715 രൂപ ആകെ- 11,06,04,311.50 രൂപ |
| (സി) | പ്രസ്തുത ടെക്സ്റ്റൈൽസിന്റെ സ്ഥാവര ജംഗമ വസ്തുക്കളുടെ വില നിർണ്ണയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | കോതങ്കൽ ദേശത്തിലെ റി.സ2/6,3/2 ലെയും കൊയിലാണ്ടി താലൂക്കിലെ അത്തോളി വില്ലേജിലെ കുമുള്ളി ദേശത്തിന്റെ ആർ.എസ് നമ്പർ 28/4എ,30/5,41/2 എന്നിവിടങ്ങളിലെയും 4.7179 ഹെക്ടർ ഭൂമി കുന്നത്തറ ടെക്സ്റ്റൈൽസ് ലിമിറ്റഡിന്റെ കൈവശമാണ്, പ്രസ്തുത ഭൂമിയുടെ വില ആർ ഒന്നിനു ഏകദേശം 1,85,250/- രൂപയാണ്. |
| (ഡി) | ഈ ടെക്സ്റ്റൈൽസ് സർക്കാർ ഏറ്റെടുത്ത് പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ? | (ഡി) | കുന്നത്തറ ടെക്സ്റ്റൈൽസ് ബഹു. ഹൈക്കോടതി ഉത്തരവിനാൽ ലിക്വിഡേഷനിലാണ്. പ്രസ്തുത സ്ഥാപനത്തിന്റെ ആസ്തികൾ ഏറ്റെടുത്തു വിൽക്കുന്നതിനു ഒഫീഷ്യൽ ലിക്വിഡേറ്ററെ ബഹു.ഹൈക്കോടതി ചുമതല പ്പെടുത്തിയിട്ടുള്ളതും ലിക്വിഡേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതുമാണ്. കമ്പനിയുടെ സമാപ്തീകരണ നടപടികളുമായി മുന്നോട്ടു പോകുന്നതിനാണ് സർക്കാർ തീരുമാനമെന്ന് ബഹു.ഹൈക്കോടതിയെ |

| | | | |
|---|---|---|---|
| | | | അറിയിച്ചിട്ടുള്ളതാണ്. കമ്പനിയുമായി ബന്ധപ്പെട്ട് കേസ് ബഹു.ഹൈക്കോടതിയിൽ നിലനിൽക്കുന്നതിനാൽ കോടതിയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി മാത്രമേ ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ